# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.10.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1.) പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കേണ്ടത് എല്ലാ ജനതയുടേയും പ്രാഥമിക ഉത്തരവാദിത്തമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**President Droupadi Murmu stated that the conservation of natural resources is a primary responsibility of all people.**

2.) കേന്ദ്ര സർക്കാരിന്റെ നയങ്ങളുടെയും പദ്ധതികളുടെയും കേന്ദ്രബിന്ദു രാജ്യത്തെ യുവാക്കളാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi remarked that the nation's youth are at the core of the Central Government's policies and schemes.**

3.) വ്യാപാര, നിക്ഷേപ, ഊർജ്ജ മേഖലകളിലെ സഹകരണത്തിൽ ഇന്ത്യക്കും അസർബൈജാനും മികച്ച സാധ്യതകളുണ്ടെന്ന് വിദേശകാര്യമന്ത്രി എസ്. ജയശങ്കർ.

**External Affairs Minister S. Jaishankar noted that there is significant potential for cooperation between India and Azerbaijan in the sectors of trade, investment, and energy.**

4.) രാജ്യത്തെ ഉൾനാടൻ ചെറുകിട മത്സ്യബന്ധന മേഖലയുടെ വികസനത്തിന് ദേശീയ കർമ്മപദ്ധതിക്ക് തുടക്കമിട്ട് കേന്ദ്ര സർക്കാർ.

**The Central Government has launched a national action plan for the development of the country's inland and small-scale fisheries sector.**

5.) കേരളത്തിൽ ശക്തമായ മഴ തുടരും. 10 ജില്ലകളിൽ ഇന്നും നാളെയും ഓറഞ്ച് ജാഗ്രത. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy rainfall is set to continue in Kerala; an 'Orange Alert' has been issued for 10 districts today and tomorrow. Fishing activities are prohibited along the coasts of Kerala, Karnataka, and Lakshadweep until Monday.**

6.) സിംബാബ്‌വേക്ക് എതിരായ വനിതാ ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യക്ക് 198 റൺസ് വിജയലക്ഷ്യം.

**India has been set a target of 198 runs to win the women's ODI cricket match against Zimbabwe.**

****************

## PRESIDENT-NAXALISM(INTRO)

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പ്രയത്നത്തിലൂടെ ഛത്തീസ്ഗഡ് നക്സലിസത്തിന്റെ പിടിയിൽ നിന്ന് മുക്തമായി വികസന പാതയിലേക്ക് കുതിക്കുകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ജഗ്ദൽപൂരിൽ 'ബസ്തർ ദസറ ആഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. 2047-ഓടെ വികസിത ഭാരതം പടുത്തുയർത്തുന്നതിൽ ഗോത്രവർഗ്ഗ യുവാക്കളുടെ സജീവ പങ്കാളിത്തം ഉണ്ടാകണമെന്നും, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കേണ്ടത് എല്ലാ ജനതയുടേയും പ്രാഥമിക ഉത്തരവാദിത്തമാണെന്നും രാഷ്ട്രപതി പറഞ്ഞു.

(വോയ്സ് രാഷ്ട്രപതി)

രണ്ടുദിവസത്തെ ഛത്തീസ്ഗഡ് സന്ദർശനത്തിനെത്തിയ രാഷ്ട്രപതി, പ്രസിദ്ധമായ മുരിയ ദർബാറിലും പങ്കെടുത്തു.

****************

## JAISHANKAR AZERBAIJAN

വിദേശകാര്യമന്ത്രി എസ്. ജയശങ്കർ അസർബൈജാൻ പ്രസിഡന്റ് ഇൽഹാം അലിയേവുമായി ബാക്കുവിൽ കൂടിക്കാഴ്ച നടത്തി. പ്രാദേശിക, ആഗോള വിഷയങ്ങൾ,രാജ്യങ്ങൾ തമ്മിലുള്ള ഉഭയകക്ഷിബന്ധം വിപുലപ്പെടുത്തുക എന്നിവിഷയങ്ങളിൽ ഇരുനേതാക്കളും ചർച്ച നടത്തി. അസർബൈജാൻ വിദേശകാര്യമന്ത്രിയുമായും ജയശങ്കർ ചർച്ച നടത്തി. വ്യാപാരം, നിക്ഷേപം, ഊർജ്ജ മേഖല എന്നിവയിലെ സഹകരണം വിപുലീകരിക്കുന്നതിനും ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും മികച്ച സാധ്യതകളുണ്ടെന്ന് കൂടിക്കാഴ്ചയ്ക്ക് ശേഷം ശ്രീ ജയശങ്കർ വ്യക്തമാക്കി.

****************

## RAJNATH – COMMANDERS CONF

മാറിക്കൊണ്ടിരിക്കുന്ന സുരക്ഷാ വെല്ലുവിളികളെ നേരിടാൻ ഇന്ത്യൻ സൈന്യത്തെ സജ്ജമാക്കുന്നതിനുള്ള സുപ്രധാന നയരേഖയായ 'ലാന്റ് വാർഫെയർ ഡോക്ട്രിൻ' രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പ്രകാശനം ചെയ്തു. ന്യൂഡൽഹിയിൽ നടക്കുന്ന മൂന്ന് ദിവസത്തെ കരസേനാ കമാൻഡർമാരുടെ സമ്മേളനത്തിലാണ് നയരേഖ പുറത്തിറക്കിയത്. രാജ്യത്തിന്റെ സുരക്ഷാ അന്തരീക്ഷം, ശേഷി വികസനം, സേനയുടെ ആധുനികവൽക്കരണം എന്നീ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയായി.

****************

## KERALA GOVERNOR

കേരളത്തിൻറെ 29-ാാം ഗവർണറായി ഓം പ്രകാശ് മാഥുർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. ലോക് ഭവനിൽ നടന്ന ചടങ്ങിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസ് സൗമെൻ സെൻ സത്യവാചകം ചൊല്ലിക്കൊടുത്തു. ചടങ്ങിൽ മുഖ്യമന്ത്രി വി ഡി സതീശൻ, മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. സിക്കിം ഗവർണറായിരുന്ന ശ്രീ മാഥുർ, രാജസ്ഥാൻ സ്വദേശിയാണ്.

****************

## MEA BRIEFING – early

ഇന്ത്യ- ചൈന നിയന്ത്രണ രേഖയുമായി ബന്ധപ്പെട്ട തർക്കങ്ങളും തെറ്റിദ്ധാരണകളും ഒഴിവാക്കാൻ ഇരു രാജ്യങ്ങളും നയതന്ത്ര-സൈനിക തലങ്ങളിലുള്ള ചർച്ചകൾ തുടരുകയാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ചൈനീസ് സേന നിലവിലുള്ള പട്രോളിംഗ് രീതികളിൽ മാറ്റം വരുത്തുമ്പോഴാണ് അതിർത്തിയിൽ പ്രശ്നങ്ങൾ ഉടലെടുക്കുന്നതെന്നും, അതിർത്തിയിലെ സമാധാനവും ശാന്തതയും ഉഭയകക്ഷി ബന്ധത്തിന്റെ പുരോഗതിക്ക് അനിവാര്യമാണെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. ഇറാനിലേക്ക് അടിയന്തര ജീവൻരക്ഷാ മരുന്നുകൾ എത്തിക്കാനുള്ള സഹായങ്ങൾ ഇന്ത്യ തുടരുകയാണെന്നും, മേഖലയിലെ നിലവിലെ സംഘർഷങ്ങൾ വ്യോമ ഗതാഗതത്തിന് പുതിയ വെല്ലുവിളികൾ ഉയർത്തുന്നുണ്ടെന്നും ശ്രീ രൺധീർ ജയ്സ്വാൾ പറഞ്ഞു.

****************

## FISHERIES ACTION PLAN

രാജ്യത്തെ ഉൾനാടൻ ചെറുകിട മത്സ്യബന്ധന മേഖലയുടെ വികസനത്തിനും തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുമായി പുതിയ ദേശീയ കർമ്മപദ്ധതിക്ക് തുടക്കമിട്ട് കേന്ദ്രസർക്കാർ. ഭോപ്പാലിൽ നടന്ന ദേശീയ ശിൽപ്പശാലയിൽ കേന്ദ്ര ഫിഷറീസ് മന്ത്രാലയ സെക്രട്ടറി അഭിലക്ഷ് ലിഖിയാണ് പദ്ധതിയുടെ വികസന ഘട്ടത്തിന് തുടക്കം കുറിച്ചത്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ രാജ്യത്തെ ആകെ മത്സ്യോത്പാദനം 30 ദശലക്ഷം ടണ്ണായും, കടൽവിഭവ കയറ്റുമതി 1.25 ലക്ഷം കോടി രൂപയായും ഉയർത്തുകയാണ് ലക്ഷ്യമെന്ന് ഫിഷറീസ് സെക്രട്ടറി വ്യക്തമാക്കി.

****************

## HOME MINISTRY – CIVIL DEFENCE TRAINING

രാജ്യത്തെ സിവിൽ ഡിഫൻസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുതിയ പൈലറ്റ് പദ്ധതിക്ക് തുടക്കമിടുന്നു. ഇതിന്റെ ഭാഗമായി സിവിൽ

ഡിഫൻസ് മാസ്റ്റർ ട്രെയിനർമാർക്ക് ഇന്ത്യൻ കരസേനയുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകും. ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫയർ സർവീസസ്, സിവിൽ ഡിഫൻസ് ആന്റ് ഹോം ഗാർഡ്സ് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുക. ആദ്യഘട്ടത്തിൽ കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിൽ നിന്നായി 600 പേർക്കാണ് പരിശീലനം നൽകുന്നത്. നവംബർ രണ്ടാം ആഴ്ചയോടെ പരിശീലനം പൂർത്തിയാകും.

****************

## GOVT - RAW SUGAR

10 ലക്ഷം ടൺ അസംസ്കൃത പഞ്ചസാര തീരുവയില്ലാതെ ഇറക്കുമതി ചെയ്യുന്നതിനുള്ള സമയപരിധി കേന്ദ്ര സർക്കാർ ഡിസംബർ 31 വരെ നീട്ടി. ആഘോഷവേളകളിൽ രാജ്യത്ത് പഞ്ചസാര ലഭ്യത വർദ്ധിപ്പിക്കുന്നതിനായാണ് നടപടി. ഈ മാസം 31 വരെ മാത്രമുണ്ടായിരുന്ന ഇറക്കുമതി സമയപരിധിയാണ് ധനമന്ത്രാലയത്തിന്റെ വിജ്ഞാപന പ്രകാരം, ഡിസംബർ 31 വരെ നീട്ടിയത്.

****************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ ഞായറാഴ്ച രാവിലെ 11 മണിക്ക്. പരിപാടിയുടെ 139-ാം പതിപ്പാണിത്.

****************

## PM Modi (INTRO)

കേന്ദ്ര സർക്കാരിന്റെ നയങ്ങളുടെയും പദ്ധതികളുടെയും കേന്ദ്രബിന്ദു എപ്പോഴും രാജ്യത്തെ യുവാക്കളാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ ചിന്മയ അമൃത മഹോത്സവ് ആഗോള സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നവഭാരതത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെ സജ്ജമാക്കുന്നതിനാണ് പുതിയ ദേശീയ

വിദ്യാഭ്യാസ നയം നടപ്പിലാക്കിയതെന്നും അദ്ദേഹം പറഞ്ഞു. ( ഹോൾഡ് പ്രധാനമന്ത്രി )

****************

## EC

കേരളത്തിൽ സംക്ഷിപ്ത വോട്ടർപട്ടികാ പരിഷ്കരണത്തിൻറെ കരട് പട്ടിക അടുത്തമാസം 12-ന് പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സജിത്ത് ബാബു. നിലവിൽ 17 വയസ്സ് കഴിഞ്ഞവർക്കും ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയാക്കുന്നവർക്കും പട്ടികയിൽ പേര് ചേർക്കാമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

****************

## ANOOP JACOB

ഇ-കെ വൈ സി പ്രക്രിയയിലൂടെ റേഷൻ കാർഡുകൾ സജീവമാക്കുന്നതിനുള്ള മൂന്നുമാസത്തെ സമയപരിധിയിൽ ഇളവ് ആവശ്യപ്പെട്ട് കേന്ദ്രത്തിന് കത്തയച്ച് മന്ത്രി അനൂപ് ജേക്കബ്. തുടർച്ചയായി ആറുമാസം ഉപയോഗിക്കാത്ത ഗുണഭോക്താക്കളുടെ കാർഡുകൾ താൽക്കാലികമായി റദ്ദാക്കുന്ന നടപടി നീട്ടിവയ്ക്കണമെന്ന് കേന്ദ്ര ഭക്ഷ്യമന്ത്രിക്ക് അയച്ച കത്തിൽ പറയുന്നു.

****************

## FOREST DEPARTMENT

വന്യജീവി ആക്രമണം മൂലം കർഷകർക്കുണ്ടാകുന്ന കൃഷിനാശത്തിന് വനം വകുപ്പ് നൽകിവരുന്ന നഷ്ടപരിഹാരം ഇരട്ടിയായി കേരള സർക്കാർ വർദ്ധിപ്പിച്ചു. പത്ത് വർഷത്തിന് ശേഷമാണ് നഷ്ടപരിഹാര നിരക്കുകൾ പരിഷ്കരിക്കുന്നത്. പുതിയ ഉത്തരവ് പ്രകാരം, കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തിന്റെ പരമാവധി പരിധിയും അപേക്ഷയുടെ എണ്ണത്തിലുള്ള നിയന്ത്രണവും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

****************

## RAMESH CHENNITHALA

കേരളത്തിൽ ഓപ്പറേഷൻ സ്വായുടെ ഭാഗമായി വ്യാപക പരിശോധനകൾ നടത്തുമെന്ന് ആഭ്യന്തര മന്ത്രി രമേശ്

ചെന്നിത്തല. ഇത്തരം സ്ഥാപനങ്ങളുടെ മറവിൽ പെൺകുട്ടികളെ ചൂഷണം ചെയ്യാൻ അനുവദിക്കില്ലെന്ന് അദ്ദേഹം പറഞ്ഞു. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന എല്ലാ സ്പാകളും അടച്ചുപൂട്ടുമെന്നും ആയുർവേദമെന്ന പേരിൽ നടത്തുന്ന ഈ തട്ടിപ്പുകളിൽ ജനങ്ങൾ വഞ്ചിതരാകരുതെന്നും മന്ത്രി അറിയിച്ചു.

****************

## RAIN - KERALA

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. 10 ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. നാല് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി. നാളെയും 10 ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

****************

## FINANCE MINISTRY CAMPAIGN

പൗരന്മാർക്ക് അടിസ്ഥാന ബാങ്കിംഗ് സേവനങ്ങളും സാമൂഹിക സുരക്ഷാ പദ്ധതികളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, കേന്ദ്ര ധനകാര്യ സേവന വകുപ്പ് രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന ക്യാമ്പയിന് തുടക്കമായി. കേരളത്തിൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി, സംസ്ഥാന ഗവൺമെൻ്റ്, ലീഡ് ഡിസ്ട്രിക്റ്റ് മാനേജർമാർ, ജില്ലാ ഭരണകൂടങ്ങൾ, ബാങ്കുകൾ എന്നിവയുടെ ഏകോപനത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കും. ഡിസംബർ 31 വരെയാണ് ക്യാമ്പയിൻ.

****************

## ASIAN PARA GAMES-MEDAL

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ പാരാഗെയിംസിൽ മുന്നേറ്റം തുടർന്ന് ഇന്ത്യ. ബാഡ്മിന്റൺ വനിതാ ഡബിൾസിലും സിംഗിൾസിലും ഇന്ത്യ ഇന്ന് സ്വർണം നേടി. വനിതകളുടെ 50 മീറ്റർ റൈഫിൾസിൽ മോന അഗർവാളും പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ ഹാനിയും ലോക റെക്കോർഡോടെ സ്വർണനേട്ടത്തിലെത്തി. 30 സ്വർണ്ണവും 35 വെള്ളിയും

49 വെങ്കലവും ഉൾപ്പെടെ ആകെ 114 മെഡലുകളാണ് ഇന്ത്യ ഇതുവരെ സ്വന്തമാക്കിയത്.

****************

## IND VS ZIM W- ODI

സിംബാബ് വേക്കതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 198 റൺസ് വിജയലക്ഷ്യം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത സിംബാബ് വേ 49.5 ഓവറിൽ 197 റൺസിന് പുറത്തായി. മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ ഒടുവിൽ വിവരം ലഭിക്കുമ്പോൾ 24 ഓവറിൽ 1 വിക്കറ്റ് നഷ്ടത്തിൽ 156 റൺ എന്ന നിലയിലാണ്.

****************

**************

*******